## പതിമൂന്നാം കേരള നിയമസഭ
## ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 2151 — 26.03.2013 -ൽ മറുപടിയ്ക്ക്

### ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ ശോച്യാവസ്ഥ

ചോദ്യം — ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

സി.എൻ. ബാലകൃഷ്ണൻ
(ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വൻ തകർച്ച നേരിടുന്ന പ്രസ്തുത യൂണിറ്റുകളെ പുനരുദ്ധരിക്കു വാൻ എന്തെല്ലാം നടപടികൾ കൈക്കൊ ള്ളുന്നുവെന്ന് വ്യക്ത മാക്കാമോ; | ബി) കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റും ഇതിനു പുറമേ ഉൽസവ കാലങ്ങളിൽ10% അധിക റിബേറ്റും നൽകുന്നുണ്ട്. അതുവഴി വിൽപ്പനയിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധി ച്ചിട്ടുണ്ട്.<br>2. ഖാദി തൊഴിലാളികൾക്ക് നൂൽപ്പിന് കഴിയൊന്നിന് 30 പൈസയും നെയ്ത്തിന് അവരുപയോഗിക്കുന്ന ഓരോ കഴി നൂലിനും 90 പൈസയും ഉൽപാദന ഇൻസെന്റീവ് ആയി നൽകി വരുന്നു. മുടക്കം കൂടാതെ ഖാദി തൊഴിലാളി കൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. കാലപ്പഴക്കം ചെന്ന ചർക്കകളും തറികളും മാറ്റി നൽകുന്നതിനും റിപ്പയർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.<br>3. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന ഖാദിസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാ രണത്തിന് ഗ്രാന്റായി 2010-11, 2011-12 വർഷങ്ങളിൽ 25 ലക്ഷം രൂപ വീതവും 2012-13 വർഷം 6 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

മറ്റു സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 2010-11,2011-12 വർഷങ്ങളിൽ 25 ലക്ഷം രൂപ വീതവും 2012-13 വർഷം 10 ലക്ഷം രൂപയും അനുവദിച്ചു.

4. പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉല്പാദനപരവും മൽസരാധിഷ്ഠിതവുമാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾക്കായി ഒരു ഖാദി ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് 149 ലക്ഷം രൂപ അനുവദിച്ചു.
5. ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർവത്ക്കരിച്ചു വരുന്നു.
6. ഏറ്റുക്കുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.
7. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിക്കുന്ന സ്ഥാനത്ത് മേശയും സ്റ്റൂളും ഏർപ്പെടുത്തി തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.
8. സംസ്ഥാന സർക്കാരിന്റെ ഇൻകം സപ്പോർട്ട് സ്കീമിൽ ലഭിക്കുന്ന ധനസഹായം വിനിയോഗിച്ച് ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം നൽകാൻ നടപടി സ്വീകരിച്ചു വരുന്നു.
9. തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കുന്നതിനായി തേനീച്ച കർഷകർക്ക് തേനീച്ച വളർത്തലിൽ പരിശീലനപരിപാടി നടപ്പാക്കി വരുന്നു.
10. പീഡിതവും പ്രവർത്തന രഹിതവുമായ ഗ്രാമവ്യവസായ സഹകരണ സംഘങ്ങളുടെയും ചാരിറ്റബിൾ സ്ഥാപനങ്ങളുടേയും പുന:രുദ്ധാരണത്തിന് 2012-13 വർഷം 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
11. ഡിപ്പാർട്ടുമെന്റൽ ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 2011-12, 2012-13 വർഷങ്ങളിൽ 25 ലക്ഷം രൂപവീതം അനുവദിച്ചു.

| | | |
|---|---|---|
| (സി) | ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് രണ്ട് വർഷത്തിനുള്ളിൽ ലഭ്യമായ | (സി) ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭിച്ചിട്ടില്ല.<br><br>ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ലഭ്യമായ സംസ്ഥാന ഫണ്ടു കളുടെ വിശദാംശങ്ങൾ |

കേന്ദ്ര-സംസ്ഥാന ഫണ്ടു കളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

താഴെക്കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | 2011-12-ൽ ലഭിച്ച തുക (രൂപ ലക്ഷത്തിൽ) | 2012-13 ൽ ലഭിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| ഖാദി ഉൽപ്പാദന കേന്ദ്ര ങ്ങളുടെ വർക്ക് ഷെഡ് നിർമ്മാണം | 75 | 50 |
| കണ്ണൂർ ജില്ലയിലെ ഏറ്റു ക്കുടുക്കയിൽ സ്ലൈവർ പ്രോജക്ടിന്റെ ആധുനിക വൽക്കരണവും നവീകരണവും | 100 | 240 |
| ഖാദി ഉല്പാദന കേന്ദ്ര ങ്ങളുടെ പുനരുദ്ധാരണം. | 90 | 44 |
| മറ്റ് ഖാദി സ്ഥാപന ങ്ങൾക്കുള്ള ധനസഹായം | 25 | 10 |
| ഖാദി സഹകരണ സംഘ ങ്ങളുടെ പുനരുദ്ധാരണം | 25 | 6 |
| ഖാദി തൊഴിലാളികൾക്ക് ആധുനിക സൗകര്യങ്ങൾ നൽകൽ | 10 | 5 |
| ഖാദി ക്ലസ്റ്ററുകൾ സ്ഥാപി ക്കൽ | - | 149 |
| സിൽക്ക് ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കലും നെയ് ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉല്പാദന പ്രോൽസാഹനവും നെയ് ത്ത് മേഖല ശക്തി പ്പെടുത്തലും. | 273 | 280 |
| സെറിഫെഡിന്റെ സിൽക്ക് റീലിംഗ് യൂണിറ്റുകളുടെ മാനേജ്മെന്റ് | 50 | - |
| വകുപ്പുതല ഗ്രാമവ്യവ സായ യൂണിറ്റുകളുടെ സ്ഥാപനവും ശക്തിപ്പെടുത്തലും | 25 | 25 |
| തേനീച്ച വളർത്തൽ വ്യവസായ വികസനം | 10 | 6 |
| പീഡിതവും പ്രവർത്തന രഹിതവുമായ ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടേയും ചാരിറ്റബിൾ സ്ഥാപന ങ്ങളുടെയും പുനരു ദ്ധാരണം. | | 20 |

| | | |
|---|---|---|
| പരമ്പരാഗത കളിമൺ പാത്ര ഉൽപ്പാദക വിപണന യൂണിറ്റു കൾക്കുള്ള ധനസഹായം | 50 | - |
| പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് പദ്ധതി | 1468 | 2000 |
| **ആകെ** | **2201** | **2835** |

സെക്ഷൻ ഓഫീസർ